# അദൃശ്യ ചിറകുള്ള മാലാഖ

ജോസഫ് കരപറമ്പിൽ



അദൃശ്യമായ ചിറകുകളിൽ പറന്നെത്തി രോഗിയ്ക്ക് ആശ്വാസം പകരുകയും, ചിലപ്പോൾ മരണത്തിന്റെ ഭയാനകമായ പിടിയിൽ നിന്ന് രക്ഷ പെടുത്തി ജീവിതത്തിലേയ്ക്ക് കൈപിടിച്ചു കൊണ്ടുവരികയും ചെയ്യുന്ന മാലാഖമാരാണ് നഴസുമാർ. പകർച്ചവ്യാധികൾ ഉള്ളപ്പോൾ രോഗിയുടെ സ്വന്തം കുടുംബാംഗങ്ങൾ പോലും മടിച്ചു നിൽക്കുമ്പോൾ അവർക്ക് ആശയും ആശ്വാസവും പകരുന്നത് ഈ മാലാഖാമാരാണ്. അല്പം ചരിത്രം: ബ്രിട്ടനിൽ നിന്നും ഇറ്റലിയിലേക്ക് കുടിയേറി പാർത്ത അപ്പർ ക്ലാസ്സ് റിച്ച് ഫാമിലിയിൽ പെട്ട വില്ല്യം നൈറ്റിംഗേൽ ഫാനി നൈറ്റിംഗേൽ എന്ന ദമ്പതികളുടെ മകളായി ജനിച്ച ഫ്ളോറൻസ് നൈറ്റിംഗേൽ ആണ്, മോഡേൺ നഴ്സിങ്ങിന്റെ തുടക്കക്കാരി. അവരുടെ ജന്മദിനമായ മെയ് 12 ലോക നഴ്സസ് ദിനമായി ആചരിക്കുന്നു.

കുടുംബക്കാരുടെ ശക്തമായ എതിർപ്പുകൾ ഉണ്ടായിട്ടും 1844 ൽ താൻ മഹത്തായ നഴ്സിങ് മേഖലയിൽ പ്രവർത്തിക്കാൻ തീരുമാനിച്ചു എന്ന് പ്രഖ്യാപിച്ചു കൊണ്ട് പുതിയൊരു ജീവിതത്തിലേയ്ക്ക് 24 വയസ്സുള്ള ഫ്ളോറെൻസ് ഇറങ്ങി തിരിച്ചു.

തന്റെ വിശാലമായ തോട്ടത്തിൽ പണിയെടുക്കുന്ന തൊഴിലാളികളെ അടിമത്വത്തിൽ നിന്നും രക്ഷിക്കാൻ വേണ്ടി പ്രയത്നിച്ച ഒരു പിതാവിന്റെ അഭിമാനിയായ മകൾ ;അദ്ദേഹത്തിൽ നിന്നും പ്രചോദനം ഉൾകൊണ്ടുകൊണ്ട് അശരണരേയും ജീവിതത്തിൽ പ്രത്യാശ നഷ്ടപ്പെട്ടവരെയും സഹായിക്കാൻ തീരുമാനിച്ചതിൽ ആർക്കു തെറ്റ് പറയാൻ പറ്റും? ആർക്കു അവളെ തടയാനാവും ?

വിവാഹം കഴിച്ചാൽ നഴ്സിങ്ങിൽ മുഴുവൻ ശ്രദ്ധ ചൊലുത്താൻ കഴിയില്ലെന്ന കാരണത്താൽ അതും വേണ്ടെന്നു വച്ചു. 'ജീവിതത്തിൽ ഇന്നോളം എന്നെ ഇത്രയധികം ഉദ്ധ്യോതിപ്പിച്ച മറ്റൊന്നില്ല' എന്ന് നഴ്സിങ്ങിനെ പറ്റി അവർ ഒരിക്കൽ പറഞ്ഞിട്ടുണ്ട്.

1854 ൽ ക്രിമീയൻ യുദ്ധത്തിൽ മുറിവേറ്റ ബ്രിട്ടീഷ് പട്ടാളക്കാരെ പരിചരിക്കുന്നതിനായി നൈറ്റിംഗേൽ പരിശീലനം നൽകിയ മറ്റു 38 നഴസുമാരോടോത്ത് യുദ്ധ ഭൂമിയിൽ എത്തുകയും ഭയാനകമായ രീതിയിൽ മുറിവേറ്റ പട്ടാളക്കാരെ പരിപാലിക്കുകയും അവരുടെ മരണ സംഖ്യ 42 ൽ നിന്നും 2% ത്തിലേക്ക് എത്തിക്കുകയും ചെയ്തു. രാത്രിയിൽ മറ്റെല്ലാ മെഡിക്കൽ സ്റ്റാഫുകളും വിശ്രമിക്കുമ്പോൾ

നൈറ്റിംഗേൽ മാത്രം രാത്രിയിൽ ഒരു വിളക്കുമേന്തി രോഗികൾക്കിടയിൽ റോന്തു ചുറ്റുമായിരുന്നു; അവരെ സഹായിക്കുവാൻ വേണ്ടി .

വേദനകൊണ്ട് പുളയുന്ന അവർക്ക് ആ സന്ദർശനം പോലും വലിയ ആശ്വാസം പകർന്നു. അങ്ങനെ ഫ്ളോറൻസിന് ! 'വിളക്കേന്തിയ വനിത' എന്നു വിളിപ്പേരുണ്ടായി.

ഫ്ളോറൻസിന്റെ മഹത്തായ സേവനം ലോകത്തിന്റെ പല ഭാഗങ്ങളിലും ലഭിച്ചു. അമേരിക്കൻ ആഭ്യന്തര യുദ്ധത്തിൽ മുറിവേറ്റവരെ പരിചരിക്കുന്നതിനുള്ള ഉപദേശംതേടി അന്നത്തെ യൂണിയൻ ഗവേർമ്മേന്റ് ഫ്ളോരെന്സിനെ സമീപിച്ചു .

ലിണ്ട റിച്ചാർഡ്സ് എന്ന ആദ്യത്തെ അമേരിക്കൻ നഴ്സിനെ പരിശീലിപിച്ചതും ഗൈഡു ചെയ്തതും ഫ്ലോറെൻസ് ആയിരുന്നു.

1860 ജൂലൈ 9 നു ഫ്ളോറെൻസ് ലണ്ടനിലെ സെന്റ് തോമസ് ഹോസ്പിറ്റലിൽ തുടങ്ങിയ ഫ്ളോറെൻസ് നൈറ്റിംഗേൽ സ്കൂൾ ഓഫ് നഴ്സിങ് ആൻഡ് മിഡ് വൈഫെറി എന്ന സ്ഥാപനം പിന്നീടു കിംഗ്സ് കോളേജിന്റെ ഭാഗമാവുകയും ചെയ്തു. അതിൽ നിന്നും പ്രചോദനം ഉൾകൊണ്ടുകൊണ്ട് അങ്ങനെ ലോകമെമ്പാടും നഴ്സിങ്ങിൽ പരിശീലനം നൽകുന്നതിനായി സ്ക്കൂളുകൾ തുറക്കപ്പെട്ടു.
1883 ൽ വിക്ടോറിയ രാജ്ഞി റോയൽ റെഡ് ക്രോസ് നൽകി ഫ്ളോറൻസിന്റെ പ്രവർത്തനങ്ങളെ ആദരിച്ചു. 1910 ൽ 90 വയസ്സിൽ മരിക്കുന്നത് വരേയ്ക്കും അവർ നഴ്സിങ് മേഖലെയ്ക്ക് ചെയ്ത മഹത്തായ സംഭാവനകൾ നിരവധിയുണ്ട്
.
അതെല്ലാം ഇവിടെ വിവരിക്കാൻ ഉദ്ദേശിക്കുന്നില്ല.

പക്ഷെ നൈറ്റിംഗേൽ എന്ന മഹാധീര വനിതയുടെ കാൽപാടുകളെ പിന്തുടർന്ന ഒരു വ്യക്തിയെ എനിക്ക് നേരിട്ടറിയാം. തമിഴ് നാട്ടിലുള്ള അവരുടെ സഹപ്രവർത്തകർ ബ്രിജിത്ത മാഡം എന്ന് വിളിക്കുന്ന മിസ്സ്.പി.എ ബ്രിജിറ്റ് എം.എസ്.സി (നഴ്സിംഗ്) ഈ ലേഖകന്റെ അമ്മയുടെ പിതൃ സഹോദരിയായിരുന്നു . അവർ ഒരുകാലത്ത് ഇന്ത്യൻ നഴ്സിങ് അസോസിയേഷന്റെ അഖിലേന്ത്യാ പ്രസിഡന്റ്, ഏറെക്കാലം ചെന്നൈലുള്ള കല്പാക്കം മെഡിക്കൽ കോളേജിലെ നഴ്സിങ് വിഭാഗത്തിലെ പ്രിൻസിപ്പൽ, തുടർന്ന് സെന്റ്: ഇസബെൽ ഹോസ്പിറ്റലിലെ നഴ്സിങ് വിഭാഗത്തിലെ പ്രിൻസിപ്പൽ ആയും; വാർധക്യത്തിൽ സ്വന്തം നാടായ പാവറട്ടിയിൽ വന്നു സെന്റ് ജോസഫ് ഹോസ്പിറ്റലിൽ പ്രിൻസിപ്പൽ ആയും സേവനം അർപ്പിച്ചു. 82 വയസ്സിൽ 2005 ൽ മരിക്കുന്നത് വരേയ്ക്കും അവർ അവിവാഹിതയായിരുന്നു. ഒരിക്കൽ ലേഖകന്റെ ഭാര്യയുടെ നഴ്സിങ് രെജിസ്ട്രഷൻ സംബന്ധിച്ച് മദ്രാസ്സിൽ ഗവേർമ്മേന്റ് ഓഫീസിൽ ചെന്ന് ഇവരുടെ ബന്ധു ആണെന്ന് പറഞ്ഞു പരിചയപ്പെടുത്തിയപ്പോൾ ഉദ്യോഗസ്ഥർ എഴുനേറ്റു നിന്ന് ബഹുമാനപൂർവ്വം സംസാരിച്ച് ഞങ്ങൾക്ക് വേണ്ട കാര്യം എളുപ്പത്തിൽ ശരിപ്പെടുത്തുകയും ചെയ്തു. ഞങ്ങൾ അന്ന് അവിടെ കണ്ടത് മിസ്സ് പി.എ ബ്രിജിത്തിന്റെ മഹത്തായ സേവനത്തിന്റെ പ്രതിഫലനമാണ്. അവരുടെ വിദ്ധ്യാർഥികൾ ആയിരുന്ന പല നഴ്സിങ് സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്നവർക്ക്, അവരുടെ സേവനത്തിന്റെ ഫലം ലഭിച്ചവർക്ക് ഇന്ന് അതുപോലെ മറ്റുള്ളവരോട് ചെയ്യുവാൻ കഴിയുന്നുണ്ടോ എന്നു സംശയമാണ്.

ഇന്ന് ഇന്ത്യയിലെമ്പാടും നഴ്സിംഗ് മേഖലയില്ലുള്ള ആളുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത് ആ അധ:പതനത്തിന്റെ ബാക്കിപത്രമാണ്.

ഇടിവെട്ടുമ്പോൾ കൂണ് മുളയ്ക്കുന്നത് പോലെ മുളച്ചു പൊന്തുന്ന ഹോസ്പിറ്റലുകളും നഴ്സിങ് സ്കൂളുകളും അവയുടെ നടത്തിപ്പുകാരായ എല്ലാവരും ലക്ഷ്യം വെയ്ക്കുന്നത് ഒരേയൊരു കാര്യം തന്നെയാണ്; അസംഘടിതരായ നഴ്സിംഗ് വിദ്ധ്യാർഥികളേയും

പ്രവർത്തി പരിചയം നേടിയിട്ടില്ലാത്ത പുതിയ നഴസുമാരേയും ചൂഷണം ചെയ്തു കോടികൾ ലാഭം കൊയ്യുക. എന്നാൽ ഇന്ത്യയ്ക്ക് പുറത്തു ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് മികച്ച സേവന വേതന വ്യവസ്ഥകൾ ലഭിക്കുന്നുവെന്നത് അവർ ചെയ്യുന്ന മഹത്വത്തിന് ആ രാജ്യങ്ങൾ വലിയ വിലകൽപിക്കുന്നു എന്നതിന് തെളിവാണ്.

അമേരിക്കൻ പ്രസിഡന്റ് ആയിരുന്ന അബ്രഹാം ലിങ്കന്റെ വാക്കുകൾ കടം കൊണ്ടുകൊണ്ട് പറയട്ടെ ;
എല്ലാ കാലവും എല്ലാവരെയും വിഢികളാക്കാൻ സാധിക്കില്ല.

അതുകൊണ്ട് കേരളത്തിലെ ഗവേർമ്മേന്റഉം ക്രിസ്ത്യൻ മാനേജുമെന്റിലുള്ള ഹോസ്പിറ്റലുകളും മുൻകൈ എടുത്ത് നഴ്സിംഗ് മേഖലയില്ലുള്ള പരിതാപകരമായ സേവന വേതന വ്യവസ്ഥകൾക്ക് മാറ്റം വരുത്തുന്നതിന് ഉടനെ തന്നെ തയ്യാർ ആകേണ്ടതുണ്ട്. മാനുഷിക പരിഗണന അർഹിക്കുന്ന അവരുടെ ആവശ്യങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നമ്മുക്ക് ഒത്തുചേരാം.
ആ മാറ്റൊലി രാജ്യമെമ്പാടും അലയടിക്കട്ടെ .




